LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട വ്യവസായ സംരംഭകർക്കായുള്ള പദ്ധതികൾ

146(160) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

(ബി) കോവിഡ് മഹാമാരിയിൽ ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ;

&

(സി) ഇത്തരം സംരംഭകരുടെ വായ്പകൾ പുന:ക്രമീകരിക്കുന്നതിനും പുതിയ വായ്പകൾ അനുവദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പളച്ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത് 3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത് 5. KSIDC-യിൽ ടോപ് അപ് ലോണുകൾ 6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC-യ്ക്കും KINFRA-യ്ക്കുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പോളിസി 9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. പ്രവർത്തനരഹിതമായി തീർന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. യൂണിറ്റുകൾ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(a) Revival and rehabilitation scheme for defunct MSMEs and cashew processing units

(b) The Kerala stressed MSMEs Revival & Rehabilitation Scheme.

ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം

147(161) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുവാനായി 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി ഒഴിവാക്കുന്നതിനായി "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly